# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഓർമ്മദിനം

*സർക്കുലർ 10/2026*

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, വത്സലകുഞ്ഞുങ്ങളേ,

നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം ധന്യമായ ഒരു ജീവിതത്തിന്റെ ഓർമ്മകളുയരുന്ന മാസമാണ് ജൂൺ. ദാർശനികർക്കിടയിലെ മെത്രാനായും മെത്രാൻമാർക്കിടയിലെ ദാർശനികനായും, കേരള സഭയ്ക്ക് പൊതുവായും താമരശ്ശേരി രൂപതയ്ക്ക് പ്രത്യേകമായും അഭിമാന പാത്രമായ മങ്കുഴിക്കരി പിതാവിന്റെ ഓർമ്മദിനം ഈ മാസം 11 ന് ആചരിക്കുകയാണ്. അഗാധമായ പാണ്ഡിത്യവും തീക്ഷണമായ ക്രിസ്തു സ്നേഹവും ലാളിത്യം നിറഞ്ഞ ജീവിതവും അദ്ദേഹത്തെ പൊതുസ്വീകാര്യനാക്കി. അഭിവന്ദ്യ പിതാവിന്റെ നിലപാടുകളിലെ നിഷ്ഠയും ആരേയും ആകർഷിക്കുന്ന പ്രഭാഷണ ശൈലിയും പ്രവാചക കാഴ്ചപ്പാടുകളും കേരള സഭയുടെ പ്രയാണത്തിൽ ഊർജദായകമായിരുന്നു.

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ എന്ന നിലയിൽ ഭൗതികമായ ഇല്ലായ്മകളിലേക്കാണ് അദ്ദേഹം കടന്നുവന്നത്. പരിമിതികളെ അദ്ദേഹം ലാളിത്യം കൊണ്ട് നിറവുകളാക്കുകയും കാർഷിക കുടിയേറ്റ ഭൂമികയ്ക്ക് നവചൈതന്യം നൽകുകയും ചെയ്തു. ഭരണകാര്യാലയവും വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളും വൈദിക പരിശീലന കേന്ദ്രവും സ്ഥാപിച്ചുകൊണ്ട് രൂപതയ്ക്ക് ശക്തമായ അടിത്തറ പാകി. ഭാവിസാധ്യതകളെ മുന്നിൽ കണ്ടും പൊതുസമൂഹത്തെ ഉൾക്കൊണ്ടുമുള്ള കർമ്മ പദ്ധതികളാണ് മങ്കുഴിക്കരി പിതാവിന്റെ നേതൃത്വത്തിൽ സാധ്യമാക്കിയത്. അഭിവന്ദ്യ പിതാവ് സ്ഥാപിച്ച ശക്തമായ അടിത്തറയാണ് നമ്മുടെ 40 വർഷത്തെ തീർഥാടനത്തിന്റെ ശക്തിസ്രോതസ്സ്. ആ സമർപ്പണത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലം അനുഭവിക്കുന്ന നമ്മൾ, വന്ദ്യപിതാവിനോടുള്ള

സ്നേഹവും കടപ്പാടും ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് മങ്കുഴിക്കരി പിതാവുവഴി രൂപതയ്ക്കും നമുക്കും ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവ സന്നിധിയിൽ നന്ദിയർപ്പിക്കണം.

അഭിവന്ദ്യ മങ്കുഴിക്കരി പിതാവിന്റെ ഓർമദിനമായ ജൂൺ 11ന്, വിശുദ്ധ കുർബാനയും അനുസ്മരണ ശുശ്രൂഷകളും രാവിലെ 10.30ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടത്തുന്നതാണ്. അന്നേ ദിവസം സാധിക്കുന്ന വൈദികരും സന്യസ്തരും വിശ്വാസികളും അനുസ്മരണ ശുശ്രൂഷകളിൽ പങ്കുചേർന്നു പ്രാർഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും കഴിയുന്നത്ര ദൈവജന പങ്കാളിത്തത്തോടെ ജൂൺ 11 നോ, അതിനടുത്ത ദിവസങ്ങളിലോ അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാനയും, ഒപ്പീസും നടത്താൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

യുഗാന്ത്യോന്മുഖമായ നമ്മുടെ യാത്രയിൽ ഓർമ്മയും ഓർമ്മപ്പെടുത്തലുമാണ് സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ജീവിത ദർശനങ്ങൾ. അഭിവന്ദ്യ പിതാവിന്റെ ദീപ്ത സ്മരണകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, ദൈവസന്നിധിയിൽ പിതാവിനുവേണ്ടി പ്രാർഥിച്ചുകൊണ്ടും,

സ്നേഹപൂർവം,

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 ജൂൺ 7-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*